പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 976 07.02.2013-ൽ മറുപടിക്ക്.

## സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി. ഗീതാ ഗോപി :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ശശി :

മറുപടി
ശ്രീ. ഷിബു ബേബി ജോൺ
(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) നടപ്പിലാക്കിയ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ, എത്ര കുടുംബങ്ങൾ അംഗങ്ങളായിട്ടുണ്ട് ; | (എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ 28.2 ലക്ഷം കുടുംബങ്ങൾ അംഗങ്ങളായിട്ടുണ്ട്. |
| (ബി) പദ്ധതിക്കായി കഴിഞ്ഞ ബഡ്ജറ്റിൽ, എത്ര തുക വകയിരുത്തി; എത്ര തുകനൽകി; | (ബി) 2012-13 സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന ബഡ്ജറ്റിൽ ആർ.എസ്.ബി.വൈ പദ്ധതിയ്ക്കായി 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) സർക്കാർ കുടിശ്ശിക വരുത്തിയത് ഇൻഷ്വറൻസ് ഏജൻസിയേയും അവർ ധാരണാപത്രം ഒപ്പുവച്ച ആശുപത്രികളെയും പ്രതിസന്ധിയിലാക്കിയതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഇല്ല. |
| (ഡി) പ്രീമിയം അടയ്ക്കാത്തതുമൂലം എത്ര ആശുപത്രികളുടെ ക്ലെയിമിന് പണം യഥാസമയം നൽകാൻ കഴിയാത്ത അവസ്ഥ ഉണ്ടായിട്ടുണ്ട് ; ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ഡി) ആർ.എസ്.ബി.വൈ പദ്ധതിയ്ക്ക് വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക തികയാതെ വന്ന സാഹചര്യത്തിൽ 46.38 കോടി രൂപ അധികം അനുവദിക്കുന്നതിനുള്ള ശുപാർശ പരിഗണനയിലാണ്. ഇത് കൂടി ലഭ്യമായാൽ നിലവിലുള്ള പ്രതിസന്ധി തരണം ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ